


# സ്നേഹത്തിൽ ഒന്നാകാം

ബ്ര. ജോസഫ് പട്ടേട്ട്, MCBS

യോഹ. 17:20-26 (Vol. 9, Issue 60)

ലോകപ്രശസ്ത ശാസ്ത്രജ്ഞനായ സർ ഐസക് ന്യൂട്ടൺ ചോദിച്ചു: "എന്തുകൊണ്ട് ഈ ഭൂഗോളം അനേകം കഷണങ്ങളായി അന്തരീക്ഷത്തിൽ ചിതറിപ്പോകുന്നില്ല?" അദ്ദേഹത്തിന്റെ ചോദ്യത്തിന് ഉത്തരം പറയുവാൻ ആർക്കും കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം തന്നെ ആ ചോദ്യത്തിന് ഉത്തരവും നൽകി. "ഭൂഗോളം ഒരിക്കലും ചിന്നിച്ചിതറാതിരിക്കുന്നതിനു കാരണം, ഭൂമി അതിന്റെ കേന്ദ്രത്തിലേയ്ക്ക് അതിലെ ഓരോ വസ്തുവിനെയും ആകർഷിച്ച് അടുപ്പിക്കുന്നു. ഭൂമിയുടെ ഈ ഗുരുത്വാകർഷണ ബലമാണ് ഭൂഗോളത്തെ ഒന്നാക്കി ഉറപ്പിച്ചുനിർത്തുന്നത്. ഏറ്റവും ചെറിയ പരമാണുക്കൾ പോലും (Atoms) പരസ്പരം ബന്ധിക്കപ്പെടുന്നതും തങ്ങളിൽ തന്നെ ബന്ധിക്കപ്പെട്ടിരിക്കുന്നതും ഈ ആകർഷണം മൂലമാണ്. ഓരോ പരമാണുവിന്റെ ഉള്ളിലും അവർണ്ണനീയമായ ആകർഷണവും ഊർജ്ജവും അടക്കം ചെയ്തിട്ടുണ്ട്. അല്ലെങ്കിൽ അതിനും ഈ ലോകത്തിനു തന്നെയും നമുക്ക് ആലോചിക്കാൻ സാധിക്കാത്ത പലതും സംഭവിക്കുമായിരുന്നു."

ആദിയിൽ ദൈവം സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന ഒരേയൊരു സ്വപ്നം, തന്റെ സ്നേഹത്തിൽ മനുഷ്യർ എന്നും ഒന്നായിരിക്കണം എന്നാണ്. എന്നാൽ, അനുസരണക്കേടിന്റെ ആദ്യപാപത്തിലൂടെ നഷ്ടമായ ഈ സ്നേഹബന്ധം തിരിച്ചുകൊണ്ടുവരുവാൻ ദൈവം തന്നെ മനുഷ്യനായി അവതരിച്ചു. ഇന്നത്തെ സുവിശേഷത്തിൽ നാം വായിച്ചുകേട്ടത്, പിതാവായ ദൈവത്തോടുള്ള പുത്രന്റെ പ്രാർത്ഥനയാണ്. "അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതു പോലെ അവരും നമ്മിലായിരിക്കേണ്ടതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (17:21).

പറുദീസായിൽ നഷ്ടമായ ദൈവ-മനുഷ്യ ഐക്യം വീണ്ടെടുക്കണമെന്നത് ദൈവപിതാവിന്റെ അടങ്ങാത്ത ആഗ്രഹമായിരുന്നു. അതിനായുള്ള അവിടുത്തെ ആഗ്രഹങ്ങളും പരിശ്രമങ്ങളും ഫലമണിയിക്കുവാൻ വേണ്ടിയായിരുന്നു അവിടുത്തെ പുത്രനായ ഈശോ തന്റെ ദൈവികതയും മഹത്വവും വേണ്ട എന്നുവച്ച് മനുഷ്യരായ നമ്മുടെ രൂപം സ്വീകരിച്ച് ഈ ഭൂമിയിൽ നമ്മുടെയിടയിലേയ്ക്ക് ഇറങ്ങിവന്ന് നമുക്കുവേണ്ടി കുരിശിൽ മരിച്ചത്. വീണ്ടും മനുഷ്യരക്ഷയുടെ പൂർത്തീകരണത്തിനായി ഇന്ന് തിരുസഭയിലൂടെ പരിശുദ്ധാത്മാവ് അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

തിരുവചനത്തിലൂടെ നാം കണ്ട ഈശോയുടെ പ്രാർത്ഥനയുടെ ഉള്ളടക്കം ഇതാണ് - ത്രിത്വൈക ദൈവത്തിന്റെ പരസ്പര സമർപ്പണത്തിന്റെയും പരസ്പരം അംഗീകരിക്കുന്നതിന്റെയും പരസ്പരം വി

ധേയപ്പെടുന്നതിന്റെയും മഹനീയമാതൃക നൽകുന്ന സ്നേഹബന്ധം. ഈ ദൈവികമായ സ്നേഹബന്ധത്തിൽ അവിടുത്തെ ശിഷ്യരായ നാമോരോരുത്തരും വളരുവാനും, ജീവിതം നയിക്കുവാനും വേണ്ടി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ് ഈശോ. കാരണം, താൻ അയയ്ക്കുന്ന പരിശുദ്ധാത്മാവ് വഴിയായി തന്റെ ശിഷ്യന്മാരാൽ സ്ഥാപിതമാകുന്ന തിരുസഭയിൽ തന്റെ പിതാവിന്റെ രക്ഷാകരപദ്ധതി ഇനിയും ഈ ലോകത്തിൽ പൂർത്തിയാവണമെങ്കിൽ അവിടെ പരിശുദ്ധ ത്രിതൈ്വക ദൈവത്തിന്റെ- പരസ്പരം മനസ്സിലാക്കുന്ന, പരസ്പരം വിധേയപ്പെടുന്ന, വിട്ടുവീഴ്ച്ചയ്ക്കു തയ്യാറാവുന്ന, പരസ്പരം അംഗീകരിക്കുന്ന, സ്വാർത്ഥമോഹങ്ങളെ ബലികഴിക്കുന്ന ദൈവികമായ സ്നേഹചൈതന്യം കൂടിയേ തീരൂ. അതുകൊണ്ടു തന്നെയാണ് ഈശോ ഈ പ്രാർത്ഥനയ്ക്ക് മുമ്പേ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് അവരോട് സ്നേഹത്തിന്റെ പുതിയ പ്രമാണം പഠിപ്പിച്ചത്. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'' (യോഹ. 13: 35).

ഇന്ന് ക്രൈസ്തവർക്കിടയിലെ അനൈക്യം ലോകത്തിനു തന്നെ വലിയൊരു ഉതപ്പിന് കാരണമായിത്തീരുന്നു. വിവിധ സഭകൾ തമ്മിലും വിവിധ മതവിഭാഗങ്ങൾ തമ്മിലും എന്തിനേറെ പറയുന്നു, സഭയ്ക്കുള്ളിൽ പോലും സഭാധികാരികളും സഭാസമൂഹങ്ങളും തമ്മിലുള്ള ഭിന്നതകളും കലഹങ്ങളും വർദ്ധിക്കുമ്പോൾ, അനശ്വരകാര്യങ്ങൾക്കു വേണ്ടി ഈശോയെ അനുഗമിക്കുവാൻ തയ്യാറായവരായ നാം ആ കാര്യങ്ങളിൽ തന്നെയാകുമ്പോൾ (പണം, ആഡംബരം, അധികാരം, ജഢീകസുഖങ്ങൾ...), ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ...,'' ''നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ അതുമൂലം നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും...'' (13:35) എന്ന തമ്പുരാന്റെ സ്നേഹപൂർവ്വമായ കൽപനയും അവസാന ആഗ്രഹവും പ്രാർത്ഥനയും കാറ്റിൽപറത്തുന്ന അനുസരണയില്ലാത്ത ശിഷ്യഗണങ്ങളായി മാറുകയാണ്.

2000-മാണ്ടിലെ കേരളസഭാ മഹാജൂബിലി ആഘോഷിച്ച സന്ദർഭത്തിൽ നടന്ന മഹാസമ്മേളനത്തിൽ അന്നത്തെ മുഖ്യമന്ത്രി ബഹു. എ.കെ. ആന്റണി സംസാരിച്ചതു മുഴുവൻ കേരള ക്രൈസ്തവർക്കിടയിലെ ഭിന്നതകളെക്കുറിച്ചാണ്. ഇപ്രകാരം നമുക്കിടയിലെ ഭിന്നതകളെ വിമർശനബുദ്ധിയോടെ ചൂണ്ടിക്കാണിച്ച മുഖ്യമന്തിയെ അന്ന് നമ്മൾ അനിഷ്ടത്തോടെ നോക്കി. കേരളസമൂഹത്തിന്റെ സമസ്തമേഖലകളിലും അത്ഭുതകരമായ നന്മകൾ ചെയ്ത സഭയെ ഒന്ന് ശ്ലാഹിക്കാൻ പോലും ശ്രമിക്കാതെ സഭയ്ക്കെതിരെ കുറ്റം പറയുക മാത്രമാണ് മുഖ്യമന്ത്രി ചെയ്തത് എന്ന് നാം പരിതപിച്ചു. എന്നാൽ, ഈ സംഭവത്തിലൂടെ അന്ന് നമ്മുടെ യഥാർത്ഥ കുറവ് കാണിച്ചുതന്ന മുഖ്യമന്ത്രിയെ വിമർശിക്കുക മാത്രം ചെയ്ത് സ്വയം ആത്മപരിശോധനയ്ക്ക് നമ്മെത്തന്നെ വിധേയമാക്കിയിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ സഭാസമൂഹം ചുറ്റുമുള്ളവർക്കിടയിൽ ഈശോ ആഗ്രഹിച്ച വിധമുള്ള രക്ഷയുടെ സുവിശേഷ സാക്ഷ്യമാകുമായിരുന്നു.

ഇവിടെയാണ് വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾക്ക് പ്രസക്തിയേറുന്നത്: ''ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്. എനിക്ക് പ്രവചനവരമുണ്ടായിരിക്കുകയും സകല രഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും സകല വിജ്ഞാനവും മലകളെ മാറ്റാൻ തക്ക വിശ്വാസവും എനിക്കുണ്ടായാലും സ്നേഹമില്ലങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എന്റെ സർവ്വസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല'' (1 കോറി. 13: 1-3). അതുകൊണ്ട് ഈശോയുടെ ശരീരത്തിലെ അവയവങ്ങളായ തിരുസഭയുടെ മക്കളായ നാമോരോരുത്തരും പരിശുദ്ധ ത്രീതൈ്വക ദൈവം നമുക്ക് കാണിച്ചുതന്ന സ്നേഹബന്ധത്തിൽ ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നവരായിത്തീരണം.

സാക്ഷ്യത്തിന്റെ ഈ ജീവിതം ഒന്നാമതായി നമ്മുടെ കുടുംബങ്ങളിൽ നിന്നു തന്നെയാണ് തുടങ്ങേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലും, ഭാര്യയും ഭർത്താവും തമ്മിലും, മക്കൾ തമ്മിൽത്തമ്മിലും ഇപ്രകാരം സ്വാർത്ഥമോഹങ്ങളെ ബലി ചെയ്തുകൊണ്ട് ഓരോരുത്തരും മറ്റുള്ളവരുടെ ഉന്നമനത്തിനു വേണ്ടി തങ്ങളെത്തന്നെ സമർപ്പിക്കുവാൻ തയ്യാറാവുന്നിടത്ത് തിരുക്കുടുംബം പണിതുയർത്തപ്പെടുന്നു. നല്ല തിരുക്കുടുംബങ്ങളുടെ വളർച്ചയിലൂടെ തിരുസഭ പണിയപ്പെടും. അപ്പോൾ സ്വർഗ്ഗവും ഭൂമിയും നമ്മെ നോക്കി സന്തോഷിക്കും.

നമുക്ക് ഒരുമിച്ചു ചേർന്ന് പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, പരിശുദ്ധാത്മാവിന്റെ നിറവിൽ പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹത്തിന്റെ ഐക്യം ഞങ്ങളിലും ഞങ്ങളുടെ കുടുംബങ്ങളിലും സമൂഹത്തിലും സഭയിലും നിറയ്ക്കേണമെ.

ആമ്മേൻ.